# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1007 — 30.11.2018 -ലെ മറുപടി

**പുത്തൻതെരുവിലെ കുഴൽകിണറിൽ നിന്നുള്ള ജല ലഭ്യത**

**ചോദ്യം** — **മറുപടി**

**ശ്രീ.ആർ. രാമചന്ദ്രൻ** — **കെ. കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കരുനാഗപ്പള്ളി എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുത്തൻ തെരുവിൽ നിർമ്മിച്ച കുഴൽ കിണറിൽ നിന്ന് ലഭിക്കുന്ന ജലത്തിന്റെ അളവ് വ്യക്തമാക്കുമോ; | എ) | കരുനാഗപ്പള്ളി എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുത്തൻ തെരുവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച കുഴൽകിണറിൽ 14.06.2018-ൽ കംപ്രസ്സർ ഉപയോഗിച്ച് ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽ നിന്നും ഡവലപ്പ് ചെയ്യപ്പോൾ ഏകദേശം 20000 ലിറ്റർ മണിക്കൂറിൽ പമ്പ് ചെയ്യുന്നതിനുള്ള ജലം ഉണ്ടായിരുന്നതായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ വിശദമായ ജലക്ഷമതാ പരിശോധന (പമ്പിംഗ് ടെസ്റ്റ്) നടത്തിയാൽ മാത്രമേ ഈ കുഴൽ കിണറിന്റെ ജലലഭ്യത കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.<br>കേരള വാട്ടർ അതോറിറ്റി ജലക്ഷമതാ പരിശോധനയ്ക്കായി ഭൂജല വകുപ്പിൽ അപേക്ഷ സമർപ്പിക്കുമ്പോൾ വിശദമായ ജലക്ഷമതാ പരിശോധന നടത്താവുന്നതാണ്. |
| ബി) | പ്രസ്തുത സ്ഥലത്തെ ജലലഭ്യത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ; | ബി | ഭൂജല വകുപ്പ് |
| സി) | പ്രളയശേഷം ഭൂഗർഭ ജല നിരപ്പ് താഴുന്നു എന്ന റിപ്പോർട്ട് വിശ്വസനീയമാണോ; ഇത്തരത്തിലൊരു പ്രതിഭാസം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ; | സി) | 2018 സെപ്റ്റംബർ മാസത്തിൽ 395 തുറന്ന കിണറുകളിൽ നിന്നും 391 പീസോ മീറ്ററുകളിൽ നിന്നും ജലവിതാന ഡേറ്റ ശേഖരിച്ച് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ വർദ്ധിച്ച മഴയും പ്രളയവും സംസ്ഥാനത്തിന്റെ ഭൂജല വിഭവ സമ്പത്തിൽ ഉണ്ടാക്കിയ സ്വാധീനം മനസ്സിലാക്കുന്നതിലേയ്ക്കായി ഭൂജല വകുപ്പ് വിശകലനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സെപ്തംബർ 2018-ലെ ഭൂജലവിതാനം സെപ്തംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽ നിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽകിണറു കളിലും (ബോർവെൽ) 72% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.<br>സെപ്തംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-2017)യുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 62% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽകിണറുകളിലും (ബോർവെൽ) 60% കിണറുകളിലും ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു.<br>മഴയുടെ ആധിക്യവും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും ഭൂതലത്തിൽ ഊർന്ന് ഇറങ്ങാനുളള സമയ ലഭ്യത കുറവ് കൊണ്ട് ഭൂജലസംപോഷണം നടക്കുന്നതിന് കാല താമസം ഉ ണ്ടാകുകയും ഉപരിതല ജലപ്രവാഹമായി നഷ്ടപ്പെടുകയും ചെയ്തു. ഇപ്രകാരമു ണ്ടായ ഉപരിതല ജലപ്രവാഹം പ്രദേശത്തെ മേൽമണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്തു. ഇതിലൂടെ മണ്ണിലെ കളിമണ്ണിന്റെ അംശം നഷ്ടപ്പെടുകയും ജലം വളരെ വേഗം ഊർന്നിറങ്ങുകയും മണ്ണിൽ ശേഖരിക്കപ്പെടാതെ അടിയൊഴുക്ക് (base flow) ആയി നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ ഈ കാലയളവിലെ മഴയുടെ |

| | | | |
|---|---|---|---|
| | | | ആധിക്യവും ചുരുങ്ങിയ സമയത്തിലെ വർദ്ധിച്ച മഴയും ഭൂജലസംപോഷണം നടക്കുന്നതിന് വിഘാതമു ണ്ടാകുകയും ആയതിനാൽ ജലഭൃതങ്ങളെ (Aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണ മായിട്ടുണ്ട്. കൂടാതെ മണ്ണിലെ വർദ്ധിച്ച ജലസമ്മർദ്ദം മൂലം ചില പ്രദേശങ്ങളിൽ മണ്ണിലെ സൂക്ഷ്മ കണികകളും കളിമണ്ണും ഒഴുകി പോകുകയും ലഭ്യമായ മഴവെള്ളം അടിയൊഴുക്ക് (base flow) ആയും നദി കളിലൂടെ നഷ്ടപ്പെട്ടതായി മനസ്സിലാക്കുന്നു. ഇത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. ഇത് വടക്ക് കിഴക്ക് കാലവർഷം സാധാരണഗതിയിൽ ലഭിക്കുകയാണെങ്കിൽ പരിഹരിക്കപ്പെടാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ അന്തിമഘട്ടത്തിലാണ്. |
| ഡി) | ഇവിടെ ജലം ലഭിക്കുന്ന സ്ഥലത്ത് മറ്റൊരു കുഴൽ കിണർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | ആദ്യമുണ്ടായിരുന്ന ട്യൂബ് വെല്ലിനു പകരമായി പുതിയ ട്യൂബ് വെൽ നിർമ്മിക്കുന്നതിനാണ് ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽ നിന്നും കേരള വാട്ടർ അതോറിറ്റിയ്ക്ക് ഫീസിബിലിറ്റി നൽകിയത്. ആദ്യമുണ്ടായിരുന്ന ട്യൂബ് വെല്ലിലെ പമ്പിംഗ് നിർത്തി വച്ചാൽ മാത്രമേ പുതിയ കുഴൽകിണറിലെ ജലലഭ്യത കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ വിശദമായ ഒരു പമ്പിംഗ് ടെസ്റ്റിനുശേഷം ആവശ്യമെങ്കിൽ സമീപ പ്രദേശത്ത് മറ്റൊരു ട്യൂബ് വെല്ലിനു ഉചിതമായ സ്ഥലം ക ണ്ടെത്താവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**